MURALI PANAMANNA

സംസ്ഥാന പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം
**സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)**
എസ്.എസ്.എ. ഭവൻ, നന്ദാവനം, തിരുവനന്തപുരം 695 033
ഫോൺ : 0471-2320826, 2320352, 2320703. ഇ-മെയിൽ: ssakerala@gmail.com

നം. പി.2/2889/2022/എസ്.എസ്.കെ തീയതി- 15/11/2022

## സർക്കുലർ

വിഷയം:- സമഗ്രശിക്ഷാ കേരളം 2022-23- കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ് വിതരണം –മാർഗനിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന :- 28.5.2022 ലെ ഇതേ നമ്പർ സർക്കുലർ

സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങൾക്ക് 2022-23 വർഷം പ്രോജക്ട് അപ്രൂവൽ ബോർഡ് അംഗീകരിച്ച പ്രകാരമുള്ള കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റിന്റെ ആദ്യ ഗഡു 5000/- രൂപ അഡ്വാൻസായി ഈ വർഷം സ്കൂളുകൾക്ക് സൂചന പ്രകാരം നൽകിയിട്ടുണ്ട്. സ്കൂൾ പ്രവേശനോത്സവത്തോടനുബന്ധിച്ചുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായിട്ടാണ് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്. സ്കൂളുകളിലെ തുടർ പ്രവർത്തനങ്ങൾ ഭംഗിയായി നടപ്പിലാക്കുന്നതിന് ഓരോ സ്കൂളിനും അനുവദിച്ചിട്ടുള്ള ബാക്കി തുക പൂർണമായും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്കൂളുകളിൽ കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ് തുക വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് തുക അനുവദിച്ചു നൽകുമ്പോൾ ടി മാർഗനിർദേശങ്ങൾ സ്കൂളുകൾക്കും നൽകേണ്ടതാണ്. തുക ലഭിക്കുന്ന സ്കൂളുകൾ മാർഗരേഖ പ്രകാരം തുക പൂർണമായും 2023 മാർച്ച് 31 നകം വിനിയോഗിക്കുന്നതായി എല്ലാ ഡി.പി.സി.മാരും, ബി.പി.സി.മാരും ഉറപ്പാക്കേണ്ടതാണ്. തുക ലഭിക്കുന്ന സ്കൂളുകൾ 2023 മാർച്ച് 31നകം ടി മാർഗരേഖ പ്രകാരം തുക പൂർണമായും വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

എല്ലാ ജില്ലാപ്രോജക്ട് കോ-ഓർഡിനേറ്റർമാർക്കും

ഉള്ളടക്കം - മാർഗരേഖ.

# കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ് മാർഗരേഖ

2022-23 അക്കാദമികവർഷം സമഗ്രശിക്ഷാ കേരളം വിതരണം ചെയ്യുന്ന സ്കൂൾ ഗ്രാന്റിന്റെ വിതരണവും വിനിയോഗവും സംബന്ധിച്ച് താഴെപറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1. സ്കൂൾ ഗ്രാന്റ് ഉപയോഗിച്ച് നടത്തേണ്ട പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് എസ്.ആർ.ജി യിൽ ലിസ്റ്റ് ചെയ്യണം. ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കണം. ഓരോ ഇനത്തിലും എത്ര ശതമാനം വീതം തുക വകയിരുത്താമെന്നു തീരുമാനിക്കണം. അങ്ങനെ തീരുമാനിച്ചു കഴിഞ്ഞാൽ ഏതേതു കാലയളവിലാണ് ഇത് വിനിയോഗിക്കുക എന്നും ധാരണയുണ്ടാകണം. കലണ്ടർ തയ്യാറാക്കണം. ഇതെല്ലാം എസ്.ആർ.ജി മിനുട്സിൽ രേഖപ്പെടുത്തേണ്ടതാണ്.

2. സ്കൂൾ മാനേജ്മെന്റ് സമിതി (SMC/SMDC) മുമ്പാകെ എസ്.ആർ.ജി തയ്യാറാക്കിയ കരട് പദ്ധതി അവതരിപ്പിച്ച് അംഗീകാരം നേടണം. സ്കൂൾ ഗ്രാന്റിനോട് വിദ്യാലയ വികസന ഫണ്ട് കൂടി ചേർത്ത് പ്രവർത്തനം നടത്തേണ്ടതാണ്.

3. വർഷാവസാനം സമഗ്രശിക്ഷാ കേരളത്തിന് എസ്.ആർ.ജി അംഗീകരിച്ച ധനവിനിയോഗ സ്റ്റേറ്റ്മെന്റ് നൽകേണ്ടതാണ്.

4. **പാരിതോഷികങ്ങൾ, സ്കോളർഷിപ്പുകൾ, യാത്രാപ്പടി, യോഗനടപടികൾ, വാഹന ച്ചെലവ്, ഫോൺ ചാർജ്, വൈദ്യുതി ചാർജ് എന്നിവയ്ക്ക് സ്കൂൾ ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ല.**

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെങ്കിലും ഇനത്തിന് ഫണ്ട് അനുവദിക്കുന്നുണ്ടെങ്കിൽ അതിനു പൂരകമായി ഫണ്ട് വിനിയോഗിക്കാം. ആവർത്തനം വരാതെ ശ്രദ്ധിക്കേണ്ടതാണ്.

6. പരിസ്ഥിതി സൗഹൃദപരമായ ഇനങ്ങൾക്ക് മാത്രം തുക വിനിയോഗിക്കാവൂ.

7. എല്ലാ ഗ്രാന്റുകളും സമഗ്രമായി കണ്ട് സ്കൂളിൽ മാറ്റം ഉണ്ടാകാനുതകും വിധമാണ് വിനിയോഗിക്കേണ്ടത്.

8. ഗ്രാന്റ് വിനിയോഗത്തിലൂടെ പഠനസൗഹൃദ . ക്ലാസ് മുറികൾ ഉറപ്പാക്കുക വഴി വിദ്യാലയത്തിലെ അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി ആസൂത്രണം ചെയ്യുന്നുണ്ടെന്ന് ജില്ലാ പ്രോജക്ട് കോർഡിനേറ്റർ/ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ ഉറപ്പാക്കേണ്ടതാണ്.

9. **1 മുതൽ 30 വരെ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ ഒരു വിദ്യാലയത്തിന് 10,000/- രൂപയും 31 മുതൽ 100 വരെ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ ഒരു വിദ്യാലയത്തിന് 25,000/- രൂപയും 101 മുതൽ 250 വരെ കുട്ടികൾ പഠിക്കുന്ന ഒരു വിദ്യാലയത്തിന് 50,000/- രൂപയും 251 മുതൽ 1000 കുട്ടികൾ പഠിക്കുന്ന ഒരു വിദ്യാലയത്തിന് 75,000/- രൂപയും 1000 നു മുകളിൽ കുട്ടികളുള്ള വിദ്യാലയത്തിന് 1,00,000/- രൂപ ക്രമത്തിലും നൽകാവുന്നതാണ്. മിനിസ്ട്രി ഓഫ് എഡ്യൂക്കേഷൻ ധനവിനിയോഗമാന**

ദണ്ഡ പ്രകാരം ഗവൺമെന്റ് സ്കൂളുകൾക്കാണ് കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ് അനുവദിക്കുന്നത്.

9. **സ്കൂൾ ഗ്രാന്റ് വിതരണത്തിന്റെ ഒന്നാം ഘട്ടമെന്ന നിലയിൽ 5000/- രൂപ സ്കൂളുകൾക്ക് ഇതിനോടകം നൽകിയിട്ടുണ്ട്.**

ചുവടെ നൽകിയിരിക്കുന്ന ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയാകണം ഗ്രാന്റ് വിനിയോഗം. നാല് ഇനങ്ങൾക്കും ആപേക്ഷിക പ്രാധാന്യം വിദ്യാലയം നിശ്ചയിക്കണം.

1. **അക്കാദമിക മേഖല**

- പഠനോപകരണങ്ങൾ വാങ്ങൽ
- ടാലന്റ് ലാബ് പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ
- തനത് ഗവേഷണ പ്രവർത്തനങ്ങൾ
- കലാ കായിക പരിശീലനത്തിനുള്ള സംവിധാനം ഒരുക്കൽ
- ക്ലാസ് ലൈബ്രറി
- സാമൂഹ്യശാസ്ത്ര, ഗണിത, ശാസ്ത്ര ലാബുകൾ സജ്ജീകരിക്കൽ
- ക്ലാസ് റൂം പ്രവർത്തനങ്ങൾ ശിശുസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- സാങ്കേതിക ഉപകരണങ്ങളുടെ ലഭ്യതയും ഉപയോഗവും ഉറപ്പുവരുത്തൽ
- ലബോറട്ടറി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ- ക്ലാസ്തല ലബോറട്ടറികളുടെ രൂപീകരണം
- പഠനോപകരണങ്ങളുടെ നിർമാണം, ലഭ്യത
- അക്കാദമിക പ്രോജക്ടുകളുടെ ആസൂത്രണം, നിർവഹണം
- നൂതന പഠനതന്ത്രങ്ങളുടെ ആവിഷ്കാരം.
- പഠനോത്സവം

2. **ആരോഗ്യ- ശുചിത്വ മേഖല**

- സ്കൂളും പരിസരവും വൃത്തിയാക്കൽ
- ശുചിത്വ പരിപാലനം
- കുടിവെള്ള ലഭ്യതയ്ക്കുള്ള സംവിധാനം ഒരുക്കൽ
- ശുചിമുറിയും മൂത്രപ്പുരയും നിത്യവും വൃത്തിയുള്ളതാക്കുന്നതിനുള്ള ക്രമീകരണം തുടങ്ങിയവ
- ശുചിത്വവും ആരോഗ്യവുമുള്ള വിദ്യാലയ അന്തരീക്ഷം ഒരുക്കൽ
- പകർച്ചവ്യാധി മുക്ത വിദ്യാലയം - പ്രവർത്തന പരിപാടികൾ
- ക്ലാസ്തല ആരോഗ്യ രജിസ്റ്റർ തയാറാക്കൽ
- ആരോഗ്യ-ശുചിത്വ ബോധവൽക്കരണ പ്രവർത്തനങ്ങൾ
- മാലിന്യസംസ്കരണ സംവിധാനങ്ങൾ ഒരുക്കൽ-പരിപാലിക്കൽ - മോണിട്ടറിംഗ്

MURALI PANAMANNA

3. **സാമൂഹ്യ പങ്കാളിത്ത മേഖല**

- ആസൂത്രണത്തിലും നിർവഹണത്തിലും സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തൽ
- സാമൂഹ്യപ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനും ഇടപെടുന്നതിനുമുള്ള ശേഷി വർധിപ്പിക്കൽ

4. **ഭൗതിക മേഖല**

- വിദ്യാലയം ആകർഷകമാക്കൽ
- മൈനർറിപ്പയറിംഗ്
- മഴക്കുഴി നിർമ്മാണം
- ജലസംരക്ഷണ പ്രവർത്തനങ്ങൾ
- ബ്ലാക്ക് ബോർഡ് പെയിന്റിംഗ്
- പൊട്ടിയ ഓടുകൾ മാറ്റി, പുതിയവ ഫിറ്റ് ചെയ്യൽ
- ഇലക്ട്രിഫിക്കേഷൻ പ്രവർത്തനങ്ങൾ/കേടുപാടുകൾ തീർക്കൽ
- കോവിഡ് മാനദണ്ഡപ്രകാരമുള്ള ആരോഗ്യ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കൽ
- ആരോഗ്യ. വകുപ്പിന്റെ നിർദേശ പ്രകാരം വിവിധ സാനിറ്റൈസേഷൻ പ്രവർത്തനങ്ങൾ
- പബ്ലിക് അഡ്രസിംഗ് സിസ്റ്റം മെയിന്റനൻസ്, റിപ്പയർ എന്നിവ.
- ശിശുസൗഹൃദ ഇരിപ്പിടങ്ങൾ തയാറാക്കൽ
- പൊടിരഹിത ക്ലാസ് മുറികൾ ഒരുക്കൽ
- ഭിന്നശേഷി പഠനസൗകര്യങ്ങൾ ഒരുക്കൽ
- മതിയായ അളവിൽ കുടിവെള്ളം, വായു, വെളിച്ചം എന്നിവ ഒരുക്കൽ
- ജൈവവൈവിധ്യ ഉദ്യാനങ്ങളുടെ സംരക്ഷണം - പുതുക്കൽ
- ക്ലാസ് മുറികൾ ആകർഷകമാക്കൽ

10. ഏറ്റവും ഫലപ്രദമായി ഗ്രാന്റ് വിനിയോഗം നടത്തിയ മാതൃകാവിദ്യാലയങ്ങളുടെ അനുഭവങ്ങൾ ബി.ആർ.സി. തലത്തിൽ ഡോക്യുമെന്റ് ചെയ്ത് സ്റ്റേറ്റ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. സ്കൂൾ ഗ്രാന്റ് ഫലപ്രദമായി വിനിയോഗിച്ചുവെന്ന് ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ സ്കൂൾ സന്ദർശിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

11. **ഓരോ സ്കൂളിനും ലഭിക്കുന്ന തുകയുടെ 10% ൽ കുറയാത്ത തുക സ്വച്ഛ് വിദ്യാലയ പദ്ധതിയ്ക്കായി വിനിയോഗിക്കേണ്ടതാണ്.**

**സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർക്കുവേണ്ടി**